പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3912 | 21.06. 2019 ൽ മറുപടിക്ക്

## പ്രളയദുരിത ബാധിതർക്ക് വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിന് നടപടി

ചോദ്യം | ഉത്തരം

ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ വീടുകൾ വെള്ളം കയറി മുങ്ങിയതിനാൽ മാറി താമസിക്കേണ്ടി വന്ന പ്രളയദുരിത ബാധിതർക്ക് പ്രസ്തുത മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) പ്രളയമാസങ്ങളിലെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കുന്നത് പരിഗണനയിലില്ല. |
| (ബി) ഇവർക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ നിലവിൽ എന്തെങ്കിലും സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ബി) പ്രളയബാധിത പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് ഉപഭോക്താക്കൾക്ക് 31-01-2019 വരെ വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നൽകുകയുണ്ടായി. കൂടാതെ റീകണക്ഷൻ ഫീസും സർചാർജ്ജും ഒഴിവാക്കി കൊടുക്കുകയും ആവശ്യമെങ്കിൽ തവണ വ്യവസ്ഥയിൽ കറന്റ് ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുവാദവും നൽകുകയുണ്ടായി. കേടായ മീറ്ററുകളുള്ള ഉപഭോക്താക്കളുടെ ബില്ലുകൾ പുന:പരിശോധിച്ച് ആവറേജ് തുക കണക്കാക്കുമ്പോൾ വൈദ്യുതി ലഭ്യമല്ലാതിരുന്ന ദിവസങ്ങൾക്കുള്ള ചാർജ്ജ് കുറവ് ചെയ്ത് തുകയിൽ ഇളവ് നൽകുവാനും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും, സ്പെഷ്യൽ ഓഫീസർ (റവന്യൂ)വിനും അനുവാദം നൽകുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ